I/46640/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം**

**കെ.എസ്.ആർ.ടി.സി.ബസ് ടെർമിനൽ, ഏഴാം നില, തിരുവനന്തപുരം-695001**

**ഹാജർ : അരുൺ കെ വിജയൻ ഐ.എ.എസ്**

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥിക്ക് മൂന്നാം അധ്യയന വർഷത്തെ (2020-21) ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/196/2022/സി.ഇ.ഇ** **തീയതി:04-08-2023**

---

പരാമർശം: (1) സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06.06.2018.

(2) സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19.07.2018.

(3) സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19.08.2018

(4) സർക്കാർ ഉത്തരവ് (പി) നം. 83/2018/ആകുവ തീയതി 05.06.2018.

(5) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/693/2019/പ്രപക

(6) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/196/2022/പ്രപക

(7) 23/07/2020-ലെ WP(C)No.7771/2018 & connected case –ലെ ബഹു.കേരള ഹൈക്കോടതി ഉത്തരവ്.

(8) 27/01/2021-ലെ WP(C)No.25475 &26683/2020 –ലെ ബഹു.കേരള ഹൈക്കോടതി ഉത്തരവ്.

(9) 29.07.2023-ലെ കേരള ആരോഗ്യ സർവ്വകലാ ശാലാ പരീക്ഷാ കൺട്രോളറുടെ കത്ത് നമ്പർ 2021/8690/ബി3/എക്സ്.മെഡ്/കെ.യു.എച്ച്.എസ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1),(2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (7) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (8) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2018-19 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അർഹത ടി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നു. തുടർന്ന് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അഡ്മിഷൻ സൂപ്പർവൈസറി/ഫീ റെഗുലേറ്ററി കമ്മിറ്റി (AFRC) ചെയർമാന്റെ ഉത്തരവ് പ്രകാരം പരാമർശം (5), (6) ഉത്തരവുകൾ അനുസരിച്ച് ടി വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ഒന്നാം വർഷത്തെ ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും കോർപ്പസ് ഫണ്ടിൽ നിന്നും ടി തുക സ്കോളർഷിപ്പായി വിതരണം ചെയ്തിട്ടുള്ളതുമാകുന്നു. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിന്നുള്ള ടിയാന്മാരുടെ തുടർ വർഷങ്ങളിലെ പരീക്ഷാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കി നൽകിയിട്ടുമുണ്ട്.

I/46640/2023

തുടർന്ന് പരാമർശം (9) പ്രകാരം തിരുവനന്തപുരം ശ്രീഗോകുലം മെഡിക്കൽ കോളേജിലെ ശ്രീ ജിതിൻ കെ രണ്ടാം വർഷ എം.ബി.ബി.എസ് പരീക്ഷ വിജയിച്ചതായി കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ പരീക്ഷാ കൺട്രോളർ അറിയിച്ചിരിക്കുന്നു. മേൽസാഹചര്യത്തിൽ 2018-19 അധ്യയന വർഷം തിരുവനന്തപുരം ശ്രീഗോകുലം മെഡിക്കൽ കോളേജിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം നേടുകയും ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കപ്പെടുകയും ചെയ്ത ശ്രീ ജിതിൻ കെ-യ്ക്ക് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക മൂന്നാം വർഷത്തെ (2020-21) ബിപിഎൽ സ്കോളർഷിപ്പായി പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

## Annexure

## BPL Scholarship 2018-19

| Sl.No. | Sl.No. in the Register | Roll.No | Name of Student | Name of College | Tuition Fee approved by AFRC | BPL Scholarship (90% of Tuition Fee) for III Year |
|---|---|---|---|---|---|---|
| 1 | 64 | 196344 | Jithin K | Sree Gokulam Medical College Thiruvananthapuram | 560000 | 504000 |

Total - ₹5,04,000/-
(Rupees Five lakh and Four thousand only)

പ്രവേശന പരീക്ഷാ കമ്മീഷണർ

Signed by
Arun K Vijayan
Date: 04-08-2023 18:27:43

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥിക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം